CT/15318/2019-P2

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

ടാക്സ് ടവർ , കിള്ളിപ്പാലം,
കരമന തിരുവനന്തപുരം
തീയതി : 08/01/2026
ഇ-മെയിൽ: cstintadm.sgst@kerala.gov.in

# പത്രക്കുറിപ്പ്

## "OPERATION CROOKSHANKS"- സംസ്ഥാന വ്യാപകമായി കാറ്ററിംഗ് സർവീസ് സ്ഥാപനങ്ങളിൽ വ്യാപക പരിശോധന 80.14 കോടി രൂപയുടെ വിറ്റുവരവ് വെട്ടിപ്പ് കണ്ടെത്തി

തിരുവനന്തപുരം: "OPERATION CROOKSHANKS" എന്ന പേരിൽ സംസ്ഥാന ജി.എസ്.ടി വകുപ്പ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സംയുക്തമായി സംസ്ഥാന വ്യാപകമായി 2026 ജനുവരി 6 ആം തീയതി കാറ്ററിംഗ് സർവീസ് സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ പ്രഥമദൃഷ്ട്യാ 80.14 കോടി രൂപയുടെ വിറ്റുവരവ് വെട്ടിപ്പും, 4.42 കോടിയുടെ നികുതി വെട്ടിപ്പും കണ്ടെത്തി. ഈ പരിശോധനയുടെ ഭാഗമായി ഇതുവരെ 1.25 കോടി രൂപ നികുതി /പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തു. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ വിവിധ കാറ്ററിംഗ് സ്ഥാപനങ്ങളിലും , അവയുടെ ബ്രാഞ്ചുകളിലും, ഉടമസ്ഥരുടെ വസതികളിലും ഉൾപ്പെടെ ആകെ 62 സ്ഥലങ്ങളിലാണ് ഒരേ സമയം പരിശോധന നടത്തിയത്.

CT/15318/2019-P2

നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൻറെ അന്വേഷണവും , നടപടികളും ശക്തമായി തുടരുമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

Sd/-

ADDITIONAL COMMISSIONER